LIBRARY ARCHIVES Kerala Legislative Assembly

വരവൂർ പഞ്ചായത്തിൽ പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് സെന്ററിൽ ഐ.ടി.സി.

133 (4190) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി ബ്ലോക്കിൽപ്പെട്ട വരവൂർ പഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് സെന്ററിൽ ഐ.ടി.സി. ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്പോൾ ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ ;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സാങ്കേതിക വിദ്യാഭ്യാസത്തിന് പ്രായോജനകരമായ ഈ സ്ഥാപനം ഈ വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വരവൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പ്രവർത്തനരഹിതമായ പരിശീലന കേന്ദ്രത്തിൽ ജോലി സാധ്യതയേറിയ മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ (2 വർഷം), ഡ്രൈവർ കം മെക്കാനിക്ക് (എം.എം.വി.) (6 മാസം) എന്നീ എൻ.സി.വി.റ്റി. ട്രേഡുകളോടുകൂടിയ ഐ.റ്റി.സി. ആരംഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റലുകൾ

134 (4193) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി എത്ര പ്രീമെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ട് എന്നും ആയത് എവിടെയൊക്കെ സ്ഥിതി ചെയ്യുന്നു എന്നും അറിയിക്കുമോ ;

(ബി) കുണ്ടംകുഴി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിനോട് ചേർന്ന് പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റൽ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഇതിനായി സ്കൂളിനോട് ചേർന്നുള്ള റവന്യൂ ഭൂമി വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?